LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തുള്ള നാലുവരി പാതകളുടെയും ആറുവരി പാതകളുടേയും ദൈർഘ്യം

38 [590] ശ്രീ. എം. മുരളി:
ശ്രീമതി മാധാരാഘവൻ:
ശ്രീ. പി. ടി. തോമസ്:
„ എ. പി. അനിൽകുമാർ:
„ എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള നാലുവരി പാതകളുടേയും ആറുവരി പാതകളുടേയും ദൈർഘ്യം എത്ര;

(ബി) ഏതെല്ലാം പാതകളെ നാലുവരി പാതയാക്കാൻ ഉദ്ദേശിക്കുന്നു എന്നും അതിൽ ഏതിന്റെയെല്ലാം പണിയാരംഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്റ്റേറ്റ് ഹൈവേയും നാലുവരി പാതയാക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള മുൻഗണനാക്രമം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നാലുവരി പാത (ദേശീയ പാത) 36.45 കി. മീ. ആറുവരി പാത (ദേശീയ പാത) ഇല്ല. റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ചേർത്തല മുതൽ പാറശ്ശാല വരെ (ദേശീയപാത) സാധ്യതാ പഠനം ആരംഭിച്ചു. അങ്കമാലി മുതൽ വാളയാർ വരെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ചെയ്യുന്നത്. റോഡുകളും പാലങ്ങളും വിഭാഗത്തിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയ റോഡുകൾ

39 [591] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷത്തിൽ ആധുനിക രീതിയിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയ റോഡുകൾ ഏതെല്ലാം;

(ബി) എന്തു മാനദണ്ഡങ്ങൾ പ്രകാരമാണ് ഇവ പണി നടത്താൻ അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) റബ്ബറൈസ്ഡ് റോഡ് നിർമ്മാണത്തിന് എത്ര രൂപയുടെ കേന്ദ്ര സഹായം ലഭിച്ചു എന്നും ഇതുപയോഗിച്ച് പണി പൂർത്തിയാക്കിയ റോഡുകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയവയിൽ ശരിയായ രീതിയിൽ പണി പൂർത്തീകരിക്കാത്തതിനാൽ ടാറിംഗ് പൊളിഞ്ഞിട്ടുള്ള റോഡുകൾ ഏതെല്ലാം; ഇവ സഞ്ചാര യോഗ്യമാക്കാൻ എന്തു നടപടി സ്വീകരിച്ചു;

(ഇ) നാഷണൽ ഹൈവേകളിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയതിന് എത്ര വർഷത്തേക്കാണ് ഫിറ്റ്നസ് പീരിയേഡ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കേന്ദ്രസഹായത്തോടെ റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയ തിരുവനന്തപുരം-കളിയിക്കാവിള (എൻ.എച്ച്. 47) ഉൾപ്പെടെ ടാറിംഗ് പൊളിഞ്ഞിട്ടുള്ള ഭാഗം ടാറിംഗ് നടത്തിയവർ ആരെല്ലാം എന്നും ഇതു പരിശോധിച്ച ഉദ്യോഗസ്ഥർ ആരെന്നും വ്യക്തമാക്കുമോ;

(ജി) റബ്ബറൈസ്ഡ് ടാറിംഗ് നടത്തുമ്പോൾ ഗുണനിലവാരം ഉറപ്പാക്കാൻ ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(എച്ച്) ഈ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന കോൺട്രാക്ടർമാരുടേയും ഉദ്യോഗസ്ഥരുടേയും പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വകുപ്പ് ചീഫ് എഞ്ചിനീയറുടെ കീഴിൽ ഏകദേശം 2000 കി. മീ. റോഡുകൾ നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ ഉപയോഗിച്ച് ടാർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രധാനമായും റീസർഫസിംഗ് പണികളായതുകൊണ്ടും ചെറിയ ചെറിയ ഭാഗങ്ങളായി ടാർ ചെയ്യുന്നതുകൊണ്ടും പ്രത്യേകമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നാഷണൽ ഹൈവേയിൽ റബ്ബറൈസ്ഡ് ടാറിംഗ് നടത്തിയ റോഡുകൾ താഴെ പറയുന്നവയാണ്:

കി. മീ. 544/00	557/00	എൻ. എച്ച്. 47
കി. മീ. 18/050	29/00	എൻ. എച്ച്. 17
കി. മീ. 41/00	52/350	,,
കി. മീ. 83/00	94/00	,,
കി. മീ. 135/00	145/00	,,
കി. മീ. 30/00	43/00	എൻ. എച്ച്. 213
കി. മീ. 43/00	56/00	,,
കി. മീ. 56/00	66/00	,,
കി. മീ. 112/00	125/00	,,

LIBRARY ARCHIVES Kerala Legislative Assembly

കി. മീ.	125/00	140/960	എൻ. എച്ച്. 213
കി. മീ.	87/00	99/00	,,
കി. മീ.	112/00	117/600	എൻ. എച്ച്. 212
കി. മീ.	87/00	97/600	,,
കി. മീ.	215/00	231/00	എൻ. എച്ച്. 17
കി. മീ.	15/00	28/00	എൻ. എച്ച്. 212
കി. മീ.	106/700	117/00	എൻ. എച്ച്. 220
കി. മീ.	117/00	127/00	,,
കി. മീ.	237/00	251/00	എൻ. എച്ച്. 49
കി. മീ.	194/00	202/00	,,
കി. മീ.	342/00	353/00	എൻ. എച്ച്. 17
കി. മീ.	353/00	363/00	,,
കി. മീ.	395/00	405/00	,,
കി. മീ.	405/00	414/00	,,
കി. മീ.	424/00	438/827	,,

(ബി) കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ വിശിഷ്ട വിവരണത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ്. അതിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. (സ്പെസിഫിക്കേഷൻ 504 & 509) †

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. നാഷണൽ ഹൈവേക്ക് 117.64 ലക്ഷം രൂപയുടെ സഹായം ലഭിച്ചിട്ടുണ്ട്.

(ഡി) റോഡുകൾ പൊളിഞ്ഞുപോയിട്ടില്ല. ഗ്യാരണ്ടി പീരിയഡിനുള്ളിൽ വരുന്ന കേടുപാടുകൾ കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതായിട്ടുണ്ട്.

(ഇ) 3 വർഷം.

(എഫ്) പ്രസ്തുത വർക്ക് കായിക്കര കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണ് റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ച് ടാറിംഗ് ചെയ്തത്. അമരവിള ചെക്പോസ്റ്റിനു സമീപം പരിശോധനയ്ക്കായി നിർത്തിയിട്ടിരുന്ന വാഹനങ്ങളിൽനിന്നും ഉണ്ടായ ഇന്ധന ചോർച്ച മൂലം ആ ഭാഗത്ത് ചെറിയ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷന്റെ കീഴിലുള്ള എക്സി. എഞ്ചിനീയറും അസി. എഞ്ചിനീയറുമാണ് പണിക്ക് മേൽനോട്ടം വഹിച്ചത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) റബ്ബറൈസ്ഡ് ടാറിംഗിനുപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ ഗുണ നിലവാരം മെക്കാനിക്കൽ എഞ്ചിനീയർ ഉറപ്പുവരുത്തുന്നു. ടാർ ചെയ്യുമ്പോൾ ടാർ ചൂടാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ടെമ്പറേച്ചർ, ടാറിന്റെ അനുപാതം തുടങ്ങിയ പ്രധാന കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓരോ ഘട്ടങ്ങളിലും പരിശോധിക്കുകയും മാർഷൽ സ്റ്റെബിലിറ്റി ടെസ്റ്റ് നടത്തി ഉറപ്പു വരുത്തുകയും ചെയ്യുന്നു.

(എച്ച്) മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സംഭവങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ വീഴ്ച വരുത്തുന്ന കരാറുകാരുടെയും ഉദ്യോഗസ്ഥരുടെയും പേരിൽ നടപടികൾ എടുക്കാൻ മേലുദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

വയനാട് ജില്ലയിൽ എത്തിച്ചേരുന്നതിനുള്ള റോഡുകൾ

40 [592] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിൽ എത്തിച്ചേരുന്നതിനുള്ള റോഡുകൾ ഏതെല്ലാമാണ്;

(ബി) ഈ റോഡുകളിലെ ഹെയർപിൻ കർവുകൾ ഈസ് ചെയ്യുന്നതിനും അവ വികസിപ്പിക്കുന്നതിനും എന്തെങ്കിലും പരിപാടിയുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഘട്ടം ഘട്ടമായെങ്കിലും ഈ റോഡുകളുടെ വികസനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ എത്തിച്ചേരുന്നതിനുള്ള പ്രധാനപ്പെട്ട റോഡുകൾ താഴെപ്പറയുന്നവയാണ്:

1. എൻ. എച്ച്. 212
2. കണ്ണൂർ-മാനന്തവാടി റോഡ്
3. കുറ്റ്യാടി-മാനന്തവാടി റോഡ്
4. കോഴിക്കോട്-വൈത്തിരി-മാനന്തവാടി റോഡ്

(ബി, സി) എൻ. എച്ച്-212-ൽ കി. മീ. 55/00 മുതൽ കി. മീ. 57/000 വരെ രണ്ടു വരിപ്പാതയായി വീതി കൂട്ടാനും കി. മീ. 49/500നും 50/000 നും ഇടയ്ക്കുള്ള ഹെയർപിൻ വളവുകളിൽ പ്രീകാസ്റ്റ് സിമന്റ് ബ്ലോക്ക് പാകുന്നതിനുമുള്ള ജോലി നടന്നുവരുന്നു. ഘട്ടം ഘട്ടമായി ഈ റോഡിന്റെ വികസനത്തിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. മറ്റു മൂന്ന് റോഡുകളുടെ വികസനത്തിന് ഇപ്പോൾ നടപടികളൊന്നും പരിഗണനയിലില്ല. ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly